തൊഴിൽകാംക്ഷികൾക്ക് സുരക്ഷിത തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിന് സഹായിക്കുക, ആഗോളതലത്തിൽ വിദേശമലയാളികളുടെ ഒരു ശൃംഖല രൂപീകരിക്കുക തുടങ്ങിയവയാണ് നോർക്ക-റൂട്ട്സിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ.

(ബി) നോർക്ക-റൂട്ട്സിന്റെ അടച്ചുതീർത്ത ഓഹരി മൂലധനമായ 1,52,00,000 രൂപയിൽ 51.3 ശതമാനം. (78,00,000 രൂപ) സർക്കാരിന്റേതാണ്. ബാക്കി ഓഹരികൾ ചുവടെ പറയുന്നവർക്കാണ് നൽകിയിരിക്കുന്നത്.

ചെയർമാൻ	-	1	എണ്ണം
നോർക്ക സെക്രട്ടറി	-	1	"
സി.ഇ.ഒ., നോർക്ക-റൂട്ട്സ്	-	1	"
എം.എ. യൂസഫലി	-	21333	"
എം. അനിരുദ്ധൻ	-	21332	"
അലക്സാണ്ടർ വടക്കേടം	-	10000	"
സി.കെ. മേനോൻ	-	21332	"

(സി&ഡി) വിദേശതൊഴിലന്വേഷകരെ സഹായിക്കുന്നതിലേക്കായി നോർക്ക-റൂട്ട്സ് ജോബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഈ ജോബ് പോർട്ടലിൽ ഒരേ സമയം ഉദ്യോഗാർത്ഥികൾക്കും തൊഴിൽ ദാതാക്കൾക്കും വെബ്സൈറ്റിലൂടെ രജിസ്ട്രേഷൻ നടത്തുവാനുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ വിദേശതൊഴിൽദാതാക്കൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അവർക്ക് നൽകാൻ കഴിയുന്നതാണ്.

പ്രവാസി ക്ഷേമത്തിനായുള്ള പദ്ധതികൾ

100 (114) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. വി. ശശികുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഗൾഫ് നാടുകളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ വിവരം പ്രവാസി വകുപ്പ് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) നിസ്സാര കുറ്റകൃത്യങ്ങളുടെ പേരിൽ ജയിലിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) തൊഴിൽ കരാർ ലംഘിക്കുന്ന തൊഴിലുടമയിൽനിന്നും നീതി ലഭ്യമാക്കുന്നതിന് ആവശ്യമായ നിയമസഹായം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) പ്രവാസികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിദേശങ്ങളിൽ ജയിലിലാകുന്ന മലയാളികളുടെ സമഗ്രവിവരം സംസ്ഥാന സർക്കാരിന് ലഭിക്കാനുള്ള സംവിധാനമില്ലാത്തതിനാൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികളുണ്ട് എന്ന വിവരം സർക്കാരിന് ലഭ്യമല്ല.

(ബി) അപ്രകാരം ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽനിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് അവരുടെ മോചനത്തിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആവശ്യമായ കേസുകളിൽ നിയമസഹായം നൽകാനും എംബസിയോട് അഭ്യർത്ഥിക്കാറുണ്ട്.

(സി) തൊഴിൽ കരാർ ലംഘിക്കുന്ന തൊഴിലുടമയിൽനിന്ന് നീതി ലഭ്യമാകുന്നതിന് പ്രവാസി ബന്ധപ്പെട്ട രാജ്യത്തെ ലേബർ കോടതിയിലാണ് കേസ് ഫയൽ ചെയ്യേണ്ടത്. അത്തരം സാഹചര്യങ്ങളിൽ അപേക്ഷ ലഭിക്കുകയാണെങ്കിൽ എംബസിയുടെ പാനലിൽനിന്നുള്ള അഭിഭാഷകരുടെ സേവനം ലഭ്യമാക്കാൻ അഭ്യർത്ഥിക്കാറുണ്ട് വിവിധ രാജ്യങ്ങളിലെ എണ്ണമറ്റ ലേബർ കോടതികളിൽ കേസുകൾ ഫയൽ ചെയ്യപ്പെടുന്നുണ്ട് എന്നതിനാൽ സംസ്ഥാന സർക്കാരിന്റെ ചുമതലയിലുള്ള ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പ്രായോഗികമല്ല.

(ഡി) 2006-2010-വരെയുള്ള കാലഘട്ടത്തിൽ പ്രവാസികളുടെ ക്ഷേമത്തിനായി ഈ വകുപ്പുവഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. കാരുണ്യം

വിദേശത്തുവച്ച് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനു വേണ്ടിവരുന്ന ചെലവുകൾ വഹിക്കുന്നതിലേക്കായി നോർക്ക വകുപ്പിന് കീഴിൽ 'കാരുണ്യം' എന്ന ഒരു പദ്ധതി നിലവിലുണ്ട്.

2. പ്രവാസി കേരളീയ ക്ഷേമപദ്ധതി

സർക്കാർ അധികാരത്തിൽവന്നതിനുശേഷം പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി എന്ന പേരിൽ പ്രവാസികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും അടക്കംനൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

3. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകളെക്കുറിച്ചും വിസ നിയമങ്ങളെക്കുറിച്ചും ബോധവൽക്കരണ പരിപാടി 2008-09 കാലയളവുമുതൽ നടപ്പിലാക്കിവരുന്നു.

വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടികൾ

101 (115) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. ജെ. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :